ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ റാന്നി, പത്തനംതിട്ട എന്നീ റെയിഞ്ചുകളിൽ ദിവസക്കൂലിക്ക് നിയോഗിക്കപ്പെട്ട 110 ആളുകളിൽ 50 പേർക്ക് 2000 ഫെബ്രുവരി മാസം മുതലും 60 പേർക്ക് 2000 മാർച്ച് മാസം മുതലും വേതനം നൽകുവാനുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

എരുമേലി റെയിഞ്ചിൽ നടന്ന ക്രമക്കേടുകൾ

14 (1565) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ 16-3-1998-ൽ എരുമേലി റെയിഞ്ചിൽ ഉണ്ടായ ക്രമക്കേടുകളെ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തൊണ്ടി ലേലത്തിന്റെ മറവിൽ കാട്ടിൽ നിന്നും നല്ലയിനം തേക്കുതടി വെട്ടി കുറഞ്ഞ വിലയ്ക്ക് കടത്തിക്കൊണ്ടുപോയതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് അന്നത്തെ കോട്ടയം കൺസർവേറ്റർ, ഡി.എഫ്.ഒ. എരുമേലി റെയ്ഞ്ചിന്റെ ചാർജ് വഹിക്കുന്ന എ.സി.എഫ്. എന്നിവരുടെ പങ്കിനെ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ-ഇ) 16-03-1998-ൽ എരുമേലി റെയിഞ്ചിൽ തടിലേലം നടന്നിട്ടില്ല. എന്നാൽ 16-03-1999-ൽ തടി ലേലം നടന്നിരുന്നു. ക്രമരഹിതമായ ലേലം നടത്തിയെന്നാരോപിച്ച് പരാതി ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എരുമേലി റെയിഞ്ചോഫീസർ ശ്രീ. വി. പ്രസന്നനെയും കോട്ടയും ഡി.എഫ്.ഒ ആയിരുന്ന ശ്രീ.പി.എ. എബ്രഹാമിനെയും സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്യുകയുണ്ടായി. കൂടാതെ ഫോറസ്റ്റർ ആയിരുന്ന ശ്രീ. കെ. സുദർശനനെ സ്ഥലം മാറ്റാനും നിർദ്ദേശം നൽകി. ക്രമക്കേടുമായി ബന്ധപ്പെട്ടവരുടെ മേൽ അച്ചടക്കശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly